"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രസിദ്ധീകൃത തിരുവല്ല ടൗൺ മാസ്റ്റർപ്ലാൻ - കേരള നഗരഗ്രാമാസൂത്രണ ആക്റ്റിലെ വകുപ്പ് 36(7) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി ആക്റ്റിലെ വകുപ്പ് 38-ലെ ഉപാധി പ്രകാരം ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.209/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/09/2021

---

പരാമർശം:-

1. 16/11/2019 തീയതിയിലെ സ.ഉ.(കൈ) നം.146/2019/തസ്വഭവ.
2. 12/08/2020 തീയതിയിലെ സ.ഉ.(കൈ) നം.129/2020/തസ്വഭവ.
3. 23/01/2021 തീയതിയിലെ സ.ഉ.(കൈ) നം.17/2021/തസ്വഭവ.
4. 18/05/2021 തീയതിയിലെ സ.ഉ.(കൈ) നം.92/2021/തസ്വഭവ.
5. തിരുവല്ല നഗരസഭ കൗൺസിലിന്റെ 15/06/2021 തീയതിയിലെ 3-ാം നമ്പർ കൗൺസിൽ തീരുമാനം
6. തിരുവല്ല നഗരസഭ സെക്രട്ടറിയുടെ 29/06/2021 തീയതിയിലെ ടിപി/3236/16 നമ്പർ കത്ത്.
7. മുഖ്യനഗരാസൂത്രകന്റെ 25/07/2021 തീയതിയിലെ ടിസിപിസിടിപി/1446/2020-എഫ്2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവല്ല മാസ്റ്റർപ്ലാനിന് പരാമർശം(1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി ലഭിക്കുകയും 21/01/2020-ലെ ഗസറ്റിൽ പ്രസിദ്ധീകരിക്കുയും ചെയ്തിരുന്നു.

(2) പ്രസിദ്ധീകരിച്ച തിരുവല്ല കരട് മാസ്റ്റർപ്ലാൻ സംബന്ധിച്ച് കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(7) പ്രകാരമുള്ള തുടർനടപടികൾ പൂർത്തിയാക്കാൻ പരാമർശം (2), (3), (4) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സമയപരിധി യഥാക്രമം 20/09/2020, 20/12/2020, 20/06/2021 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

(3) കോവിഡ് മഹാമാരിമൂലമുള്ള നിയന്ത്രണങ്ങളാൽ പ്രസ്തുത ദീർഘിപ്പിച്ച സമയപരിധിക്കുള്ളിലും കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് പ്രകാരമുള്ള തുടർനടപടികൾ പൂർത്തിയാക്കുവാൻ കഴിയാത്തതിനാൽ ആയത് പൂർത്തീകരിച്ച് അന്തിമ അംഗീകാരത്തിനായി മാസ്റ്റർപ്ലാൻ

സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി 20/12/2021 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് സർക്കാരിനോട് അപേക്ഷിക്കാൻ പരാമർശം (5) പ്രകാരമുള്ള തിരുവല്ല നഗരസഭ കൗൺസിലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം നഗരസഭ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

(4) തിരുവല്ല നഗരസഭ സെക്രട്ടറിയുടെ അഭ്യർത്ഥന കണക്കിലെടുത്ത് കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 സെക്ഷൻ 38 ലെ ഉപാധി പ്രകാരം തിരുവല്ല മാസ്റ്റർപ്ലാനിന്മേൽ ആക്ടിലെ 36(7) പ്രകാരമുള്ള തുടർനടപടികൾ പൂർത്തിയാക്കി അന്തിമ അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി 20/12/2021 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (6) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവല്ല നഗരസഭ സെക്രട്ടറിയുടെ അഭ്യർത്ഥന, മുഖ്യനഗരാസൂത്രകന്റെ ശിപാർശ എന്നിവ കണക്കിലെടുത്ത് തിരുവല്ല മാസ്റ്റർപ്ലാനിന്മേൽ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36(7) പ്രകാരമുള്ള തുടർനടപടികൾ പൂർത്തിയാക്കി മാസ്റ്റർപ്ലാൻ അന്തിമ അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 38-ലെ ഉപാധി പ്രകാരം 20/12/2021 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. ജില്ലാ നഗരാസൂത്രകൻ, പത്തനംതിട്ട
3. സെക്രട്ടറി, തിരുവല്ല നഗരസഭ
4. എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.കെ.എം
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sindhu.p.g.
Date: 22-09-2021 10:52:14
Reason: Approved

സെക്ഷൻ ഓഫീസർ